നം. D6-10213/16

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 08.06.2018.
Email - swdkerala@gmail.com
Phone - 0471 - 2306040

# സർക്കുലർ

വിഷയം :- സാമൂഹ്യനീതി വകുപ്പ് - കാഴ്ച വൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തര ധനസഹായ പദ്ധതി - 'മാതൃജ്യോതി' - മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- സ.ഉ.(ആർ.റ്റി) 311/18/സാ.നീ.വ., തീയതി. 25.05.2018.

കാഴ്ച വൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരം അവരുടെ കുഞ്ഞിന്റെ സംരക്ഷണത്തിനും പരിചരണത്തിനുമായി പ്രതിമാസം 2000/- രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി 'മാതൃ ജ്യോതി'യ്ക്കായി സർക്കാർ ഫണ്ടും ഭരണാനുമതിയും നൽകി സൂചന പ്രകാരം ഉത്തരവായിരിക്കുന്നു.

ഈ സാഹചര്യത്തിൽ ടി പദ്ധതി കാര്യക്ഷമമായി നടപ്പ് സാമ്പത്തിക വർഷം നടപ്പാക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. കാഴ്ച വൈകല്യമുള്ള അമ്മമാരുടെ പ്രസവാനന്തരം മൂന്ന് മാസത്തിനുള്ളിൽ നിശ്ചിത ഫോറത്തിൽ തയ്യാറാക്കുന്ന അപേക്ഷ ജില്ലാ കാര്യാലയങ്ങളിൽ ലഭ്യമാകുന്ന പ്രകാരം ഗുണഭോക്താക്കളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നതിന് ആവശ്യമായ പ്രചരണം നൽകുന്നതിന് ജില്ലാ സാമൂഹ്യനീതി ഓഫീസർ നടപടി സ്വീകരിക്കേണ്ടതാണ്.
2. ജില്ലാ കാര്യാലയങ്ങളിൽ ലഭിക്കുന്ന ധനസഹായത്തിനുള്ള അപേക്ഷകളിൻമേൽ അർഹതയ്ക്ക് വിധേയമായ തുകയ്ക്കുള്ള പ്രൊപ്പോസൽ ഡയറക്ടറേറ്റിൽ സമർപ്പിക്കുന്നതിന് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ നടപടി സ്വീകരിക്കേണ്ടതാണ്. അപേക്ഷയും അനുബന്ധ രേഖകളും സമർപ്പിക്കേണ്ടതില്ല.
3. അപേക്ഷകളുടെ അടിസ്ഥാനത്തിൽ ഇതിലേയ്ക്കാവശ്യമായ തുകയും അപേക്ഷകരുടെ മേൽ വിലാസം, കുഞ്ഞിന്റെ ജനന തീയതി, ആശുപത്രിയിൽ നിന്നും വിട്ടതൽ

AN

ചെയ്തിട്ടുള്ള തീയതി എന്നീ വിവരങ്ങൾ നിർബന്ധമായും ജില്ലാ സാമൂഹ്യനീതി ഓഫീസർമാരുടെ ശുപാർശ കത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.

4. കുഞ്ഞിന്റെ ജനനത്തോടെ ആശുപത്രിയിൽ നിന്നും വിടുതൽ ചെയ്ത തീയതി മാസത്തിന്റെ ആദ്യ പകുതിയ്ക്കുള്ളിൽ (1-15 ദിവസത്തിനകം) ആണെങ്കിൽ ആ മാസം മുതലും ആദ്യപകുതിയ്ക്ക് ശേഷം (16-30 ദിവസത്തിനകം) ആണെങ്കിൽ അടുത്ത മാസം പ്രാബല്യത്തിലും ധനസഹായം അനുവദിക്കാവുന്നതാണ്.

5. ടി കുഞ്ഞിന്റെ ജനനത്തോടെ ആശുപത്രിയിൽ നിന്നും വിടുതൽ ചെയ്യുന്ന തീയതി അഥവാ ഖണ്ഡിക 4-ൽ പരാമർശിച്ച പ്രകാരം തുക അനുവദിക്കുന്ന മാസം മുതൽ 24 മാസക്കാലം ടി ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.

6. കുടുംബ വാർഷിക വരുമാനം പരമാവധി 1 ലക്ഷം രൂപയായിരിക്കും.

7. അപേക്ഷകരിൽ നിന്നും നിശ്ചിത ഫോറത്തിൽ തയ്യാറാക്കിയ അപേക്ഷ, വരുമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (ബി.പി.എൽ ആണെങ്കിൽ റേഷൻ കാർഡിന്റെ പകർപ്പ്) കാഴ്ച വൈകല്യം തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്, ബാങ്ക് അക്കൗണ്ട് പാസ് ബുക്കിന്റെ ബന്ധപ്പെട്ട പേജിന്റെ പകർപ്പ് എന്നിവ അപേക്ഷയോടൊപ്പം സ്വീകരിക്കേണ്ടതാണ്.

8. ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ടി ധനസഹായം ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് നൽകേണ്ടതും ടി വിവരം അപേക്ഷകരെ അറിയിക്കേണ്ടതുമാണ്.

9. അനുവദിച്ച തുകയ്ക്കുള്ള യു.സി. ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ life certificate എന്നിവ ഹാജരാക്കിയാൽ മാത്രമേ തുടർന്നുള്ള ധന സഹായം അനുവദിക്കുകയുള്ളൂ.

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

AN

7111

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്- കാഴ്ചവൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിന് നിലവിലെ സാഹചര്യത്തിൽ മുൻവർഷം ധനസഹായം അനുവദിച്ച ഗുണഭോക്താക്കൾക്ക് തുടർന്നും ടി വർഷം ലഭ്യമാകുന്ന പുതിയ അപേക്ഷകൾക്ക് ധനസഹായം നൽകുന്നതിനുമായി 12,00,000/- രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(ആർ.റ്റി) നം.311/2018/സാ.നീ.വ — തിരുവനന്തപുരം, തീയതി 25.05.2018

പരാമർശം- 1. സാമൂഹ്യനീതി ഡയറക്ടറിൽ നിന്നും ലഭിച്ച 12.4.2018 ലെ D6-12450/15 നമ്പർ കത്ത്

2. 20.04.2018 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിട്ട്സ്

**ഉത്തരവ്**

കാഴ്ചവൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിന് നിലവിലെ സാഹചര്യത്തിൽ മുൻവർഷം ധനസഹായം അനുവദിച്ച ഗുണഭോക്താക്കൾക്ക് തുടർന്നും ടി വർഷം ലഭ്യമാകുന്ന പുതിയ അപേക്ഷകൾക്ക് ധനസഹായം നൽകുന്നതിനുമായി 12,00,000/- രൂപ ( പന്ത്രണ്ട് ലക്ഷം രൂപ മാത്രം) 2018-19 സാമ്പത്തിക വർഷം 2235-60-200-83 (P)ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം 1 പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. പരാമർശം 2 പ്രകാരം വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസലിന് അംഗീകാരം നൽകി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച കാഴ്ചവൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിന് നിലവിലെ സാഹചര്യത്തിൽ മുൻവർഷം ധനസഹായം അനുവദിച്ച ഗുണഭോക്താക്കൾക്ക് തുടർന്നും ടി വർഷം ലഭ്യമാകുന്ന പുതിയ അപേക്ഷകൾക്ക് ധനസഹായം നൽകുന്നതിനുമായി 12,00,000/- രൂപ ( പന്ത്രണ്ട് ലക്ഷം രൂപ മാത്രം) 2018-19 സാമ്പത്തിക വർഷം 2235-60-200-83 (P)ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും അനുവദിച്ച് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ബിജു പ്രഭാകർ ഐ.എ.എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(ആഡിറ്റ്),കേരള, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ( എ & ഇ),കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
സാമൂഹ്യനീതി(എ) വകുപ്പ്(ഇനം നം.8 പ്രകാരം)
ആസൂത്രണസാമ്പത്തികകാര്യവകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സാമൂഹ്യനീതി വകുപ്പ്

SOCIAL JUSTICE DEPARTMENT
care, protection & empowerment

# "മാതൃജ്യോതി"

## കാഴ്ച വൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനുള്ള ധനസഹായ പദ്ധതി

### അപേക്ഷാ ഫോറം

ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ അപേക്ഷകയുടെ ഫോട്ടോ

1. അപേക്ഷകയുടെ പേര് :
2. ഭർത്താവിന്റെ പേര് :
3. മേൽവിലാസം :
4. ഫോൺ നമ്പർ :
5. അപേക്ഷകയുടെ വയസ്സ്/ജനന തീയതി:
6. അപേക്ഷകയുടെ ജോലി :
7. ഭർത്താവിന്റെ ജോലി :
8. കുടുംബ വാർഷിക വരുമാനം :
9. കുട്ടിയുടെ പേര് :
10. ആൺ/പെൺ :
11. കുട്ടിയുടെ ജനന തീയതി :
12. ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്ത തീയതി :

അപേക്ഷകയുടെ ഒപ്പ്

## <u>ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ തീരുമാനം</u>

മാതൃജ്യോതി പദ്ധതി പ്രകാരം ശ്രീമതി.......................................................................

.............................................................................അർഹയായതിനാൽ ധനസഹായം അനുവദിക്കാവുന്നതാണ്.

**ജില്ലാ സാമൂഹ്യനീതി ഓഫീസർ**

### <u>അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ</u>

1. വരുമാനം തെളിയിക്കുന്നതിന് BPL റേഷൻ കാർഡിന്റെ പകർപ്പ്/ BPL ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്ന ബന്ധപ്പെട്ട അധികാരിയിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പ്/ വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് (വരുമാന പരിധി 1 ലക്ഷം)
2. ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്.
3. ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ്
4. ആശുപത്രിയിൽ നിന്നുള്ള ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റിന്റെ പകർപ്പ്.